**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പുനഃചംക്രമണം നടത്താൻ കഴിയാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു ശുചിത്വ മിഷന്റെ മാർഗ്ഗനിർദ്ദേശപ്രകാരം ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2937/2018/തസ്വഭവ                    തിരുവനന്തപുരം, തീയതി 17.11.2018

---

പരാമർശം :- 1) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.06.2018 -ലെ A6- 7092/17 നമ്പർകത്ത്.

2) പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11/10/2018-ലെ കത്ത്.

3) 16.10.2018 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.28

**ഉത്തരവ്**

വടക്കാഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 'ക്ലീൻ വടക്കാഞ്ചേരി' ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി പ്രതിദിനം 4 ടണ്ണോളം മാലിന്യങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് ജൈവ അജൈവ മാലിന്യങ്ങൾ തരം തിരിച്ച് സംസ്കരിച്ചു വരുന്നു. പുനഃചംക്രമണം നടത്താൻ കഴിയാത്ത പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡ് ചെയ്യുന്നതിന് ക്ലീൻ കേരളകമ്പനി ലിമിറ്റഡ് മുഖേന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റും ജൈവവള നിർമ്മാണത്തിനായി തുമ്പൂർ മൂഴി മോഡൽ യൂണിറ്റും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിൽ യാതൊരു രീതിയിലും വളമാക്കാനോ പുനഃചംക്രമണം നടത്തുവാനോ കഴിയാത്ത മാലിന്യങ്ങൾ (ഡയപ്പറുകൾ, സാനിറ്ററി നാപ്കിനുകൾ) സംസ്കരിക്കുന്നതിനു പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തി ഒരു ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് (പ്രോ. നം.211/19, അടങ്കൽ- 10,00,000/-) വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-2018 വർഷം ഏറ്റെടുക്കുകയും 2018-2019 വർഷം സ്പിൽ ഓവറായി തുടരുകയും ചെയ്യുന്നുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അംഗീകാരം ലഭ്യമായിട്ടുള്ള പ്രസ്തുത പ്രോജക്റ്റിന് അനുമതി നൽകണമെന്ന് വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം-1 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങളിൽ പുനഃചംക്രമണം നടത്തുവാൻ കഴിയാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് 2017-2018 വർഷത്തിൽ

പഞ്ചായത്തിന്റെ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുത്തതും 2018-2019 വർഷം സ്പിൽ ഓവറായി തുടരുന്നതുമായ വടക്കാഞ്ചേരി പഞ്ചായത്തിന്റെ പദ്ധതിക്ക് (പ്രോ. നം.211/19, അടങ്കൽ - 10,00,000/- രൂപ ) ശുചിത്വ മിഷന്റെ മാർഗ്ഗ നിർദേശ പ്രകാരം പ്രോജക്ട് നടപ്പാക്കണമെന്ന നിബന്ധനയോടെ പരാമർശം (2)-ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**മിനിമോൾ ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രസിഡന്റ്/ സെക്രട്ടറി, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ , പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ